# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 23.10.2024**

### പ്രധാനവാർത്തകൾ

1) ഭീകരവാദത്തെ നേരിടുന്നതിനായി ബ്രിക്സ് രാജ്യങ്ങൾ ഒരുമിച്ച് നിൽക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. റഷ്യയിൽ നടക്കുന്ന 16-ാമത് ബ്രിക്സ് ഉച്ചകോടിയെ പ്രധാനമന്ത്രി അഭിസംബോധന ചെയ്തു.

2) സ്ഫോടക വസ്തു നിയമ ഭേദഗതിയുമായി ബന്ധപ്പെട്ട സംസ്ഥാനത്തിൻറെ ഉത്കണ്ഠ കേന്ദ്രസർക്കാരിനെ അറിയിക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗത്തിൽ തീരുമാനം.

3) വയനാട്, പാലക്കാട്, ചേലക്കര ഉപതിരഞ്ഞെടുപ്പുകൾക്കുള്ള പ്രചാരണം ഊർജ്ജിതമാക്കി രാഷ്ട്രീയ പാർട്ടികൾ. നിരവധി പ്രമുഖ സ്ഥാനാർത്ഥികൾ ഇന്ന് പത്രിക സമർപ്പിച്ചു.

4) സംസ്ഥാന സർക്കാർ ജീവനക്കാർക്കും, പെൻഷൻകാർക്കും ഒരു ഗഡു ക്ഷാമ ബത്ത അനുവദിച്ചതായി ധനമന്ത്രി കെ.എൻ ബാലഗോപാൽ.

5) പോളിയോ വൈറസിൻറെ സാന്നിധ്യം ലോകത്ത് ഇപ്പോഴുമുണ്ടെന്ന് മനസ്സിലാക്കി കുഞ്ഞുങ്ങളെ രോഗത്തിൽ നിന്നും സംരക്ഷിക്കണമെന്ന് ആരോഗ്യമന്ത്രി വീണാ ജോർജ്.

6) ഇന്ത്യ- ന്യൂസിലൻഡ് രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിന് നാളെ പൂനെയിൽ തുടക്കം.

*******************

RNU TVPM

## പ്രധാനമന്ത്രി-ബ്രിക്സ്

ഭീകരവാദത്തെ നേരിടുന്നതിനായി ബ്രിക്സ് രാജ്യങ്ങൾ ഒരുമിച്ച് നിൽക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി. സൈബർ സുരക്ഷ, നിർമിത ബുദ്ധിയുടെ സുരക്ഷിത ഉപയോഗം എന്നിവയ്ക്കായി ആഗോളതലത്തിൽ നിയന്ത്രണ സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്നും 16-ാമത് ബ്രിക്സ് ഉച്ചകോടിയെ അഭിസംബോധന ചെയ്യുകൊണ്ട് പ്രധാനമന്ത്രി പറഞ്ഞു. ആഗോള വെല്ലുവിളികളെ നേരിടുന്നതിൽ ഫലപ്രദമായ കൂട്ടായ്മയായി ബ്രിക്സ് ഉയർന്നുവരുമെന്ന ആത്മവിശ്വാസവും അദ്ദേഹം പങ്കുവച്ചു. കാലാവസ്ഥാ വ്യതിയാനം വലിയ പരിഗണന നൽകേണ്ട വിഷയമാണ് പറഞ്ഞ പ്രധാനമന്ത്രി, ഹരിത പരിവർത്തന മേഖലയിൽ ഇന്ത്യ നടത്തിവരുന്ന പ്രവർത്തനങ്ങളും വിശദീകരിച്ചു.

(വോയിസ്)

ഇന്ത്യയുടെ ഏകീകൃത പണമിടപാട് സംവിധാനം വൻ വിജയമാണെന്നും പല രാജ്യങ്ങളിലും UPI വ്യാപകമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്നും പ്രധാനമന്ത്രി പറഞ്ഞു. കസാൻ പ്രഖ്യാപനത്തിനും ബ്രിക്സ് ഉച്ചകോടി ഉച്ചകോടി അംഗീകാരം നൽകി. ഉച്ചകോടിയുടെ പശ്ചാത്തലത്തിൽ ചൈനീസ് പ്രസിഡൻറ് ഷി ജിൻപിങ്ങുമായും പ്രധാനമന്ത്രി ഉഭയകക്ഷി ചർച്ച നടത്തി.

*******************

## മന്ത്രിസഭാ യോഗം

സ്ഫോടകവസ്തു നിയമത്തിൽ കേന്ദ്ര സർക്കാർ വരുത്തിയ ഭേദഗതികളിൽ ഉത്കണ്ഠ രേഖപ്പെടുത്തി സംസ്ഥാന മന്ത്രിസഭാ യോഗം. വിഷയം ഗൗരവമായി പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി തലത്തിൽ കേന്ദ്രത്തിന് കത്തയക്കാൻ സംസ്ഥാന മന്ത്രിസഭാ യോഗം തീരുമാനിച്ചു. തൃശ്ശൂർപൂരം ഉൾപ്പെടെ സംസ്ഥാനത്തെ ഉത്സവ ആഘോഷങ്ങളിലെ കരിമരുന്ന് പ്രയോഗത്തെ ഭേദഗതി

RNU TVPM

പ്രതികൂലമായി ബാധിക്കുമെന്നും യോഗം വിലയിരുത്തി. സംസ്ഥാനത്തെ എല്ലാ തദ്ദേശ സ്വയംഭരണപ്രദേശത്തും മാലിന്യ സംസ്കരണ പ്ലാൻറുകൾ സ്ഥാപിക്കാൻ പുറമ്പോക്ക് ഭൂമി അനുവദിക്കാനും മന്ത്രിസഭ തീരുമാനിച്ചു.

*******************

### വയനാട് - പ്രിയങ്ക

വയനാട് ലോക്സഭാ ഉപതിരഞ്ഞെടുപ്പിലെ യുഡിഎഫ് സ്ഥാനാർഥി പ്രിയങ്ക ഗാന്ധി ഇന്ന് നാമനിർദേശ പത്രിക സമർപ്പിച്ചു. കൽപറ്റ ടൗണിൽ രാവിലെ നടന്ന റോഡ് ഷോയ്ക്കു ശേഷമാണ് പത്രിക നൽകിയത്. കോൺഗ്രസ് അധ്യക്ഷൻ മല്ലികാർജുൻ ഖർഗെ, മുതിർന്ന നേതാക്കളായ സോണിയ ഗാന്ധി, രാഹുൽഗാന്ധി, കെ സി വേണുഗോപാൽ എന്നിവർ ഒപ്പമെത്തിയിരുന്നു. വയനാട് ദുരന്തബാധിതർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്നതിനായി പുത്തുമലയും പ്രിയങ്കാ ഗാന്ധി സന്ദർശിച്ചു. ഇടത് സ്ഥാനാർഥി സത്യൻ മൊകേരിയും എൻഡിഎ സ്ഥാനാർഥി നവ്യ ഹരിദാസും നാളെ പത്രിക നൽകും. സത്യൻ മൊകേരി മാനന്തവാടി നിയോജകമണ്ഡലത്തിലും നവ്യ ഹരിദാസ് നിലമ്പൂരിലുമാണ് ഇന്ന് പ്രചാരണത്തിനെത്തിയത്.

*******************

### ഉപതിരഞ്ഞെടുപ്പ് -പാലക്കാട്

പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിലെ എൻ ഡി എ സ്ഥാനാർഥി സി കൃഷ്ണകുമാർ ഇന്ന് നാമനിർദ്ദേശ പത്രിക സമർപ്പിച്ചു. എൽ.ഡി.എഫ്, സ്വതന്ത്ര സ്ഥാനാർഥി പി. സരിനും യു.ഡി.എഫ് സ്ഥാനാർത്ഥി രാഹുൽ മാങ്കൂട്ടത്തിലും നാളെ പത്രിക നൽകും.

*******************

### ചേലക്കര ഉപതെരഞ്ഞെടുപ്പ്

ചേലക്കര ഉപതെരഞ്ഞെടുപ്പിലെ യുഡിഎഫ് സ്ഥാനാർഥി രമ്യ ഹരിദാസും, എൽഡിഎഫ് സ്ഥാനാർഥി യു ആർ പ്രദീപും, ബിജെപി സ്ഥാനാർഥി കെ ബാലകൃഷ്ണനും ഇന്ന് പത്രിക

RNU TVPM

സമർപ്പിച്ചു. രാഷ്ട്രീയ നേതാക്കൾക്കും, പ്രവർത്തകർക്കുമൊപ്പം വടക്കാഞ്ചേരി താലൂക്ക് ഓഫീസിലെത്തിയാണ് മൂവരും പത്രിക സമർപ്പിച്ചത്.

*******************

**ക്ഷാമ ബത്ത അനുവദിച്ചു**

സംസ്ഥാന സർവീസ് ജീവനക്കാർക്കും അധ്യാപകർക്കും ഒരു ഗഡു ക്ഷാമ ബത്ത അനുവദിച്ചു. സർവീസ് പെൻഷൻകാർക്കുള്ള ക്ഷാമാശ്വാസവും ഒരു ഗഡു അനുവദിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ അറിയിച്ചു. അടുത്ത മാസത്തെ ശമ്പളത്തിനും പെൻഷനുമൊപ്പം ഇത് നൽകിത്തുടങ്ങും.

ഒരു ഗഡു ഡിഎ, ഈവർഷം ഏപ്രിലിലും അനുവദിച്ചിരുന്നു.

*******************

**കേരള നിയമസഭ പുസ്തകോത്സവം**

PNU TVPM

മൂന്നാമത് കേരള നിയമസഭാ പുസ്തകോത്സവത്തിൻറെ ലോഗോ പ്രകാശനവും വെബ്സൈറ്റ് ഉദ്ഘാടനവും സ്പീക്കർ എ എൻ ഷംസീർ നിർവഹിച്ചു. മതനിരപേക്ഷതയ്ക്ക് നേരെയുള്ള വെല്ലുവിളികളെ ചെറുക്കുന്നതിനായി പുസ്തകോത്സവങ്ങളിലെ ചർച്ചകളും സംവാദങ്ങളും ഏറെ സഹായകമാകുമെന്ന് സ്പീക്കർ ചടങ്ങിൽ പറഞ്ഞു. 2025 ജനുവരി 7 മുതൽ 25 വരെയാണ് പുസ്തോത്സവം.

*******************

**വീണാ ജോർജ്**

പോളിയോ വൈറിസിൻറെ സാന്നിധ്യം ലോകത്ത് ഇപ്പോഴുമുണ്ടെന്ന് മനസ്സിലാക്കി കുഞ്ഞുങ്ങളെ പോളിയോ രോഗത്തിൽ നിന്നും സംരക്ഷിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. എല്ലാ കുട്ടികൾക്കും പോളിയോ വാക്സിൻ ഉറപ്പാക്കണമെന്നും ഒക്ടോബർ 24-ലോക പോളിയോ ദിനത്തോടനുബന്ധിച്ച് മന്ത്രി വ്യക്തമാക്കി. സംസ്ഥാന വ്യാപകമായി നടത്താറുള്ള പൾസ്

പോളിയോ ഇമ്മ്യൂണൈസേഷൻ പരിപാടിക്ക് പുറമേ, എല്ലാ സർക്കാർ ആശുപത്രികളിലും പോളിയോ വാക്സിൻ സൗജന്യമായി ലഭ്യമാണെന്നും ശ്രീമതി വീണാ ജോർജ് അറിയിച്ചു.

*******************

## വെസ്റ്റ് നൈൽ പനി (ഇൻട്രോ)

വെസ്റ്റ് നൈൽ പനി സ്ഥിരീകരിച്ച കണ്ണൂർ ജില്ലയിലെ ചെങ്ങളായി പ്രദേശത്ത് നിന്ന് ചത്തുവീണ കാക്കകളുടെ അവശിഷ്ടങ്ങൾ മൃഗസംരക്ഷണ വകുപ്പിൻ നേതൃത്വത്തിൽ പരിശോധനയക്കയച്ചു.
വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.

*******************

## കണ്ണൂർ രാജ്യാന്തര വിമാനത്താവളം

ശൈത്യകാല ഷെഡ്യൂളിൽ ഉൾപ്പെടുത്തി കണ്ണൂർ രാജ്യാന്തര വിമാനത്താവളത്തിൽ നിന്ന് ഡൽഹിയിലേക്കുള്ള സർവീസ് പുനരാരംഭിക്കുന്നു. ഇൻഡിഗോ വിമാനമായിരിക്കും സർവീസ് നടത്തുക. ഡൽഹിയിലേക്ക് മുൻപുണ്ടായിരുന്ന എയർ ഇന്ത്യാ സർവീസ് പിന്നീട് നിർത്തിവച്ചിരുന്നു.
ഈ മാസം 30 മുതലാണ് ശൈത്യകാല ഷെഡ്യൂൾ നടപ്പാവുക-
കൊച്ചി അന്താരാഷ്ട്ര വിമാനത്താവളത്തിൽ നിന്നും ഈ മാസം 27 മുതൽ മാർച്ച് 29 വരെയുള്ള ശൈത്യകാല വിമാന ഷെഡ്യൂളും ഇന്ന് പ്രഖ്യാപിച്ചു. ചെന്നൈ, ബംഗളുരു, പൂനെ, ഹൈദരാബാദ് എന്നിവിടങ്ങളിലേക്ക് പ്രതിദിനം അധിക ഫ്ലൈറ്റുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

*******************

## മരണം-നരിപ്പറ്റ നാരായണൻ നമ്പൂതിരി

കഥകളി ആചാര്യൻ സദനം നരിപ്പറ്റ നാരായണൻ നമ്പൂതിരി അന്തരിച്ചു. പാലക്കാട് ചെർപ്പുളശ്ശേരി കാറൽമണ്ണ സ്വദേശിയാണ്. അറിയപ്പെടുന്ന കഥകളി നടനായ അദ്ദേഹം മുൻഷി എന്ന ആക്ഷേപഹാസ്യ പരിപാടിയിലൂടെ

RNUTVPM

ഏറെ ജനശ്രദ്ധ നേടിയിരുന്നു. കലാമണ്ഡലം ഫെല്ലോഷിപ്പ് ഉൾപ്പെടെ ഒട്ടേറെ അംഗീകാരങ്ങൾ നേടിയിട്ടുണ്ട്.

*******************

## മഴ - സംസ്ഥാനം

സംസ്ഥാനത്ത് അടുത്ത അഞ്ച് ദിവസം ഒറ്റപ്പെട്ട ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഇന്ന് പത്ത് ജില്ലകളിൽ മഞ്ഞ ജാഗ്രത പ്രഖ്യാപിച്ചു. നാളെ അഞ്ചു ജില്ലകളിലും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്.

*******************

## ക്രിക്കറ്റ്

ഇന്ത്യ- ന്യൂസിലൻഡ് രണ്ടാം ടെസ്റ്റ് ക്രിക്കറ്റ് മത്സരത്തിന് നാളെ തുടക്കം. പൂനെയിലെ മഹാരാഷ്ട്രാ ക്രിക്കറ്റ് അസോസിയേഷൻ സ്റ്റേഡിയത്തിൽ രാവിലെ 9.30 നാണ് കളി ആരംഭിക്കുന്നത്. മൂന്നു മത്സര പരമ്പരയിൽ ഒരു ജയത്തോടെ ന്യൂസിലൻഡ് മുന്നിലാണ്.

*******************

## ഇന്ത്യൻ സൂപ്പർ ലീഗ്- മെട്രോ

ഐ.എസ്എൽ കണക്കിലെടുത്ത്, ഫുട്ബോൾ ആരാധകർക്കായി കൊച്ചി മെട്രോ ട്രെയിൻ സർവീസ് വിപുലീകരിക്കുന്നു. കേരള ബ്ലാസ്റ്റേഴ്സ്-ബംഗളുരു എഫ്.സി മത്സര ദിവസമായ മറ്റന്നാൾ രാത്രി 11 മണിയ്ക്കായിരിക്കും ജെ എൽ എൻ സ്റ്റേഡിയത്തിൽ നിന്നുള്ള അവസാന സർവീസ് .

*******************

## ഓഹരി + സ്വർണ്ണവില

രാജ്യത്തെ ഓഹരി വിപണികളിൽ നഷ്ടം. ബോംബെ ഓഹരി സൂചിക സെൻസെക്സ് 139 പോയിന്റ് ഇടിഞ്ഞ് 80,082 ലും ദേശീയ ഓഹരി സൂചിക നിഫ്റ്റി 37 പോയിന്റ് നഷ്ടത്തിൽ 24,435 ലുമാണ് വ്യാപാരം അവസാനിപ്പിച്ചത്.

സ്വർണ്ണവില കൂടി. പവന് 320 രൂപ വർധിച്ച് 58,720 രൂപയും ഗ്രാമിന് 7,340 രൂപയുമാണ് ഇന്നത്തെ വില.

*******************

RNUTVPM

## റെയിൽവേ ഗേറ്റ് അടച്ചിടും

ഹരിപ്പാട്-ചേപ്പാട് റെയിൽവേ സ്റ്റേഷനുകൾക്കിടയിലുള്ള ലെവൽ ക്രോസ് നമ്പർ 128 (കവല ഗേറ്റ്) നാളെ രാവിലെ 8 മണി മുതൽ 28 ന് വൈകീട്ട് 6 മണിവരെ അറ്റകുറ്റപ്പണികൾക്കായി അടച്ചിടും. വാഹനങ്ങൾ മേൽപറഞ്ഞ സമയം പള്ളിപ്പാട് ഗേറ്റ്) വഴിയോ കാഞ്ഞൂർ ഗേറ്റ്) വഴിയോ പോകണമെന്ന് അധികൃതർ അറിയിച്ചു.

*******************

## ലഹരി മരുന്ന്- യുവാവ് അറസ്റ്റിൽ

തിരുവനന്തപുരം പള്ളിച്ചലിൽ 8 കിലോ ലഹരിമരുന്നുമായി യുവാവ് അറസ്റ്റിൽ . പ്രാവച്ചമ്പലം സ്വദേശി റഹീമിനെയാണ് നെയ്യാറ്റിൻകര എക്സൈസ് സംഘം പിടികൂടിയത്.

നിരവധി കേസുകളിൽ പ്രതിയാണ് ഇയാൾ.

*******************

## കൈപ്പുസ്തകം- പി രാജീവ്

മൈനിങ് ആന്റ് ജിയോളജി വകുപ്പിന്റെ മുഴുവൻ സേവനങ്ങളും അവ ലഭിക്കുന്നതിനാവശ്യമായ നടപടിക്രമങ്ങളും പൊതുജനങ്ങൾക്ക് മനസിലാക്കുന്നതിനായി തയ്യാറാക്കിയ കൈപ്പുസ്തകം മന്ത്രി പി രാജീവ് തിരുവനന്തപുരത്ത് പ്രകാശനം ചെയ്തു. സംവിധാനത്തിൻറെ അപര്യാപ്തത മൂലം പലതവണ ഓഫീസുകളെ സമീപിക്കേണ്ടി വരുന്ന സാഹചര്യം ഒഴിവാക്കുക എന്ന ലക്ഷ്യത്തോടെയാണ് മൈനിങ് ആൻഡ് ജിയോളജി കൈപ്പുസ്തകം തയ്യാറാക്കിയിരിക്കുന്നത്.

*******************

************

********

RNU TVPM